**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024 -25 ബജറ്റ് വർക്ക് - വർക്കല നിയമസഭാ മണ്ഡലം - കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് - **പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിടം** - എന്ന പ്രവൃത്തിയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.423/2025/LSGD തീയതി,തിരുവനന്തപുരം, 10-02-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08/11/2024 ലെ LSGD /PD/38756 /2024-DB1 നമ്പർ കത്ത്

2. E -അനുമതി നമ്പർ AS/LGD/24/40153

**ഉത്തരവ്**

വർക്കല നിയമസഭാ മണ്ഡലത്തിൽ 2024-25 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ൽ ക്രമ നമ്പർ 132 ആയി 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കി ഉൾപ്പെടുത്തിയിട്ടുള്ളതും മൊത്തം അടങ്കലിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ "പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിടം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-25 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ൽ ക്രമ നമ്പർ 132 ആയി 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കി ഉൾപ്പെടുത്തിയിട്ടുള്ളതും മൊത്തം അടങ്കലിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ വർക്കല നിയമസഭാ മണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പെടുന്ന **"പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് ഓഫീസ്**

**കെട്ടിടം"** എന്ന പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 11-02-2025 15:22:07
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E-2968100/DEV-3/200/2024-Fin) AS NO. **AS/LGD/24/40153** -

കരുതൽ ഫയൽ (DB1/485/2024-LSGD)